**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5257** **04-07-2024 - ൽ മറുപടിയ്ക്ക്**

**പുരാരേഖാ ഡിജിറ്റൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | പുരാരേഖാ വകുപ്പിൽ നടന്നു വരുന്ന ഡിജിറ്റൈസേഷൻ പ്രവൃത്തികളുടെ പുരോഗതിയും അതിനു വേണ്ടി ചെലവഴിച്ച തുകയും വ്യക്തമാക്കാമോ; | (എ) | പുരാരേഖ വകുപ്പിൽ 2008 മുതൽ രേഖകളുടെ ഡിജിറ്റൈസേഷൻ നടന്നുവരികയാണ്. ഇതുവരെ വകുപ്പിൽ 1,49,47,730 പേപ്പർ രേഖകളും 29,14,234 താളിയോലകളും ഉൾപ്പെടെ ആകെ 1,78,61,964 എണ്ണം രേഖകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഏകദേശം 40 ടെറാ ബൈറ്റ് വരുന്ന ടി ഡിജിറ്റൈസ് ചെയ്ത രേഖകൾ IT Mission ന്റെ കീഴിലുള്ള സ്റ്റേറ്റ് ഡാറ്റ സെന്ററിലുള്ള വകുപ്പിന്റെ സെർവ്വറിൽ അപ്‌ലോഡ് ചെയ്ത് സൂക്ഷിച്ച് വരുന്നു. ടി രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് ആകെ 8,15,67,934/- രൂപ ചെലവായിട്ടുണ്ട്. |
| (ബി) | ഡിജിറ്റൈസ് ചെയ്ത രേഖകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഡിജിറ്റൈസ് ചെയ്ത രേഖകൾ ലോകത്തിന്റെ ഏതു കോണിൽ നിന്നും ഓൺലൈൻ മുഖേന പരിശോധിക്കാവുന്ന തരത്തിലുള്ള ഒരു സെർച്ച് സോഫ്റ്റ്‌വെയർ ( e-likhitham ) പുരാരേഖ വകുപ്പ് C-ഡിറ്റ് മുഖേന വികസിപ്പിച്ചിട്ടുണ്ട്. ആയത് ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ